**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1644** **08-02-2023 - ൽ മറുപടിയ്ക്ക്**

**കൃഷി നശിച്ചവർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രകൃതി ക്ഷോഭത്തിൽ കൃഷി നശിച്ചവർക്കുള്ള നഷ്ടപരിഹാരവും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരവും സമയബന്ധിതമായി ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ഉണ്ട്. സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടാകുന്ന വരൾച്ചയും കനത്ത മഴയും വെള്ളപ്പൊക്കവും കാരണം വ്യാപകമായി കൃഷിനാശം സംഭവിക്കുന്നുണ്ട്. തന്മൂലം നഷ്ടപരിഹാര വിതരണത്തിനായി ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുകയേക്കാൾ കൂടുതൽ തുക ആവശ്യമായി വരുന്നുണ്ട്. പ്രസ്തുത തുക അധിക ധനാനുമതിയായി അനുവദിക്കുന്നുണ്ട്.**<br>**ഈ സാമ്പത്തിക വർഷത്തിൽ പ്രകൃതിക്ഷോഭ നഷ്ടപരിഹാര ഇനത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ 489.39426 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനായി 3000 ലക്ഷം രൂപയും അധിക ധനാനുമതിയായി 1000 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അതിൽ 3999.62926 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിള ഇൻഷ്വറൻസ് ഫണ്ടിൽ നിന്നും 4.03 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.** |
| (ബി) | കൃഷിനാശ നഷ്ടപരിഹാരത്തിനായി ഈ സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തുമായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എന്ന് വരെ ലഭിച്ച അപേക്ഷകൾക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | കൃഷിനാശത്തിനായി ഈ സർക്കാരിന്റെ കാലത്ത് 68846 അപേക്ഷകളും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 383787 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുള്ളവ പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്തുള്ളവയിൽ 13.05.2021 വരെയുള്ള എയിംസ് പോർട്ടൽ മുഖേന അംഗീകരിച്ച് വന്ന അപേക്ഷകൾക്ക് തുക നൽകിയിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തും കർഷകർക്കുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരമായി എത്ര തുക വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്നും എത്ര | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉണ്ടായ കൃഷി നാശത്തിനുള്ള നഷ്ട പരിഹാരത്തിനുള്ള അപേക്ഷ പൂർണ്ണമായും തീർപ്പ് കല്പിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ നല്കുവാനുള്ള തുക |

| | | | |
|---|---|---|---|
| | അപേക്ഷകൾ തീർപ്പാക്കാൻ ഉണ്ടെന്നും വിശദമാക്കുമോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | | സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | കർഷക ജീവിതം കടുത്ത പ്രതിസന്ധി നേരിടുന്നത് കണക്കിലെടുത്ത് നഷ്ടപരിഹാരം സമയബന്ധിതമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | പ്രകൃതിക്ഷോഭം മൂലമുള്ള എസ്.ഡി.ആർ.എഫ്. വിഹിതത്തിനു പുറമെ സംസ്ഥാന വിഹിതവും അനുവദിക്കുന്നുണ്ട്. വിളനാശം അധികരിക്കുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് ബഡ്ജറ്റ് വിഹിതത്തിനു പുറമെ അധികമായി തുക ആവശ്യമായി വന്നിട്ടുണ്ട്. പ്രസ്തുത തുക ലഭ്യമാക്കി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പ്രകൃതിക്ഷോഭം -നഷ്ടപരിഹാരം**

| ജില്ല | വിതരണം ചെയ്യാൻ ബാക്കിയുള്ള തുക (സംസ്ഥാന വിഹിതം) (ലക്ഷത്തിൽ) | വിതരണം ചെയ്യാൻ ബാക്കിയുള്ള തുക (എസ്.ഡി.ആർ.എഫ്) (ലക്ഷത്തിൽ) | തീർപ്പാക്കാനുള്ള അപേക്ഷകൾ |
|---|---|---|---|
| തിരുവനന്തപുരം | 482.87989 | 4.64998 | 46 |
| കൊല്ലം | 39.17066 | 7.89299 | 168 |
| പത്തനംതിട്ട | 122.99863 | 76.60467 | 101 |
| ആലപ്പുഴ | 26.13088 | 420.90933 | 509 |
| കോട്ടയം | 32.98235 | 259.32316 | 6 |
| ഇടുക്കി | 117.62086 | 41.06859 | 125 |
| എറണാകുളം | 444.26974 | 44.46682 | 42 |
| തൃശ്ശൂർ | 364.30007 | 115.74026 | 419 |
| പാലക്കാട് | 170.17932 | 17.30658 | 158 |
| മലപ്പുറം | 462.53323 | 43.07728 | 66 |
| കോഴിക്കോട് | 245.00378 | 20.15154 | 98 |
| വയനാട് | 668.45623 | 25.58882 | 24 |
| കണ്ണൂർ | 137.91110 | 14.92994 | 81 |
| കാസർഗോഡ് | 87.21171 | 7.78885 | 89 |
| **ആകെ** | **3401.64845** | **1099.49881** | **1932** |